ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടുകൂടി ടി ഓഫീസുകളിലെ ഫയൽ പ്രോസസ്സിംഗ് പൂർണ്ണമായും ഇലക്ട്രോണിക്സ് രീതിയിലേക്ക് മാറുന്നതാണ്. റവന്യൂ റിക്കവറി സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിൽ തീരുമാനമെടുക്കുന്നതിനും ആർ. ആർ. ഓൺലൈൻ എന്ന സംവിധാനം ഉപയോഗിക്കുന്നു. പൂർണ്ണമായി കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾക്കുള്ള കർമ്മ പദ്ധതി

122(3001) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) 1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി :-

ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചു കൊടുക്കുന്ന പദ്ധതിയാണിത്.

2. ഇ-ഡിസ്ട്രിക്ട് പദ്ധതി:-

പൊതുജനങ്ങൾക്ക് വിരൽത്തുമ്പിൽ സേവനം എത്തിക്കുക എന്ന ആശയം ലക്ഷ്യമാക്കി റവന്യൂ വകുപ്പ് നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ 24-ഓളം ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3. ഓൺലൈൻ പോക്ക് വരവ് സംവിധാനം:-

കേരളത്തിലെ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളിലെ സംവിധാനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പോക്കുവരവ് നടപടികൾ സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ട് സർക്കാർ തുടങ്ങിയ ഓൺലൈൻ പോക്കുവരവ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിലും പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിലും നടപ്പിൽ വന്നുകഴിഞ്ഞു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

4. വില്ലേജ് ഓഫീസ്, താലൂക്ക് രൂപീകരണം

സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 31 പഞ്ചായത്തുകളിൽ 31 വില്ലേജുകൾ രൂപീകരിച്ചു. ആയതുപോലെ, സംസ്ഥാനത്ത് ഭരണ സൗകര്യാർത്ഥം പുതുതായി 12 താലൂക്കുകളും രൂപീകരിച്ചു.

5. വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം:-

വില്ലേജ് ഓഫീസുകളുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി കൊണ്ട് വിഭാവനം ചെയ്ത SMART പദ്ധതിയുടെ ഭാഗമായി 2 ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട 25 വില്ലേജുകൾ നവീകരിച്ചു കഴിഞ്ഞു.

6. പുഴ മുതൽ പുഴ വരെ പദ്ധതി :-

നാശോന്മുഖമായികൊണ്ടിരിക്കുന്ന പുഴകളെയും കായലുകളെയും സംരക്ഷിച്ച് അവയുടെ പുനരുജ്ജീവനത്തിനായി ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപ കല്പന ചെയ്തിട്ടുള്ളത്.

(സി) 1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 2,43,928 ഗുണഭോക്താക്കളെ കണ്ടെത്തുകയും രണ്ടാംഘട്ടത്തിലെ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയും വരുന്നു. ഒന്നാം ഘട്ടത്തിൽ 36,491 പട്ടയങ്ങളും രണ്ടാം ഘട്ടത്തിൽ 6946 പട്ടയങ്ങളും ഉൾപ്പെടെ 43,437 പേർക്ക് പട്ടയം അനുവദിക്കുകയും ചെയ്തു. കണ്ണൂർ കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തുകൊണ്ട് ഈ മൂന്നു ജില്ലകളെയും രാജ്യത്തിലെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

2. ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം നാളിതുവരെ 1,69,59,074 അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

3. ഓൺലൈൻ പോക്കുവരവ് സംവിധാനം എന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ വിജയകരമായി ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. 2015 ഡിസംബർ 31-നുള്ളിൽ സംസ്ഥാനത്തുടനീളം 300-ഓളം വില്ലേജുകളിൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

4. സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ 29-5-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 230/13/റവന്യൂ, 20-10-2012-ലെ സ.ഉ.(എംഎസ്.) 392/12/ റവന്യൂ എന്നീ ഉത്തരവുകൾ പ്രകാരം 31 വില്ലേജുകളുടെയും വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ഇവയിൽ 29 വില്ലേജുകളിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള 2 വില്ലേജുകൾക്ക് കെട്ടിടം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

5. SMART വില്ലേജ് പദ്ധതിയുടെ ഭാഗമായി 2 ഘട്ടങ്ങളിലായി 25 വില്ലേജുകൾ നവീകരിച്ചു കഴിഞ്ഞു. 3-ാം ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട 9 വില്ലേജുകളുടെ പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. മൂന്നു ഘട്ടങ്ങളിലായി 11.09 കോടി രൂപ ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

6. പുഴ മുതൽ പുഴ വരെ പദ്ധതി:-

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിൽ വരുത്തുവാനുള്ള പദ്ധതികൾ പരിശോധിക്കുന്നതിന് സംസ്ഥാന ഉന്നതതല സമിതിയുടെ 29-11-2013-ലെ യോഗം സംസ്ഥാനത്തെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി "പുഴ മുതൽ പുഴ വരെ" പദ്ധതിക്ക് രൂപം നൽകി. പ്രാഥമികമായി ഭാരതപ്പുഴ, അച്ചൻകോവിൽ എന്നീ നദികളുടെ തീരം ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടു വളർത്തി പരിപാലിക്കുന്നതിനായി 15-11-2014-ലെ സ.ഉ. (എംഎസ്.) 475/14/റവന്യൂ പ്രകാരം 10 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly